# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1411** **30.09.2011- ൽ മറുപടിക്ക്**

## കൃഷി ഓഫീസർമാരുടെയും അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ എത്ര കൃഷി ഓഫീസർമാരുടെയും അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നിലവിലുണ്ട്; കൃഷി ഭവൻ തിരിച്ച കണക്ക് വ്യക്തമാക്കാമോ; | (എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ കൃഷിഭവൻ തിരിച്ച് ചുവടെ ചേർക്കുന്നു. |

| കൃഷി ഭവൻ | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് |
|---|---|---|
| 1. മയ്യിൽ | 1 | 1 |
| 2. ചപ്പാരക്കടവ് | - | 1 |
| 3. കല്യാശ്ശേരി | - | 2 |
| 4. കുറ്റിയാറ്റൂർ | - | 1 |
| **ആകെ** | **1** | **5** |

(ബി) ഈ ഒഴിവുകൾ നികത്താൻ ഏതു വിധത്തിലുള്ള നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി)

1) കൃഷി ഓഫീസർ നിയമനത്തിനായി 9 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പി.എസ്.സി.യിൽ നിന്നും ഇപ്പോൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും ഒരാളെ മയ്യിൽ കൃഷി ഭവനിൽ കൃഷി ഓഫീസറായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റുമാരെ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ എത്രയും പെട്ടെന്ന് അഡ്വൈസ് ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ